<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2498</u> <u>15-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കുന്നത്തറ ടെക്സ്റ്റയിൽസിനടുത്തുള്ള ഭൂമിയുടെയും മറ്റ് വസ്തുക്കളുടെയും ലേലം തടയാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്റ്റേറ്റ് ഹൈവേക്കടുത്തുള്ള ഭൂമിയും മറ്റ് വസ്തുക്കളും ലേലം ചെയ്ത് വിറ്റുപോകുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | **അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹു. കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.**<br><br>**അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥലത്തിന്റെയും യന്ത്രസാമഗ്രികളുടെയും വില 12.80 കോടി രൂപയാണെന്ന് 24.11.2017 ലെ കത്ത് പ്രകാരം സർക്കാർ ഒഫീഷ്യൽ ലിക്വിഡേറ്ററെ അറിയിച്ചിരുന്നു. എന്നാൽ ഒഫീഷ്യൽ ലിക്വിഡേറ്റർ നം.147/24ആയി സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം Annexure A ആയി നൽകിയ e-auction നോട്ടീസ് പ്രകാരം സ്ഥാപനത്തിന്റെ 4.7179 ഹെക്ടർ (11 ഏക്കർ 65 സെന്റ്) സ്ഥലത്തിനും കെട്ടിടത്തിനുമുള്ള upset price നിശ്ചയിച്ചിട്ടുള്ളത് 4,08,27,700/- (നാല് കോടി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തിഎഴുന്നൂറ് ) രൂപയും Plant & Machinery യുടെ upset Price 16,76,000/- (പതിനാറ് ലക്ഷത്തി എഴുപത്തി ആറായിരം) രൂപയുമാണെന്ന് അറിയിച്ച സാഹചര്യത്തിൽ ഒഫിഷ്യൽ ലിക്വിഡേറ്റർ നിശ്ചയിച്ച upset price കുറവായതിനാൽ** സർക്കാരിനുള്ള എതിർപ്പ് അഡ്വക്കേറ്റ് ജനറൽ മുഖേന ബഹു. കോടതിയെ അറിയിക്കുന്നതിന് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ